# നെൽപ്പാടങ്ങളിൽ നിന്ന്

**അനിത തമ്പി**

ഒരു വലിയ നെൽപ്പാടത്തിന്റെ കരയിലായിരുന്നു ഞങ്ങളുടെ വീട്. ആ പാടങ്ങൾ ഞങ്ങളുടേതായിരുന്നില്ലെങ്കിലും എഴുപതുകളുടെ ഒടുവിൽ തുടങ്ങി എമ്പാടും മുളച്ചു വന്ന രണ്ടോ മൂന്നോ കിടക്കമുറികളുള്ള കോൺക്രീറ്റ് മേൽക്കൂരയുള്ള ഒരു വീടായിരുന്നു ഞങ്ങളുടേതും. വളരെ പാടുപെട്ട് അച്ഛൻ ഉണ്ടാക്കിയത്. പ്രധാനറോഡിൽ നിന്ന് ആ വീട്ടിലേക്ക്, അമ്മയുടെ ഭാഷയിൽ പറഞ്ഞാൽ ലോറി കയറുന്ന ഒരു വഴി നിർമ്മിക്കുവാൻ വേണ്ടി അച്ഛൻ വാങ്ങിയ കണ്ടത്തിന്റെ ശേഷിച്ച ഭാഗത്ത് മാത്രം ഞങ്ങൾ വല്ലപ്പോഴും കൃഷിയിറക്കി. വീട്ടിൽ ലോറി കയറുന്നത് എന്തിനാണെന്ന് ഞങ്ങൾ കുട്ടികൾക്കോ അച്ഛനോ മനസ്സിലായിരുന്നില്ല. പക്ഷെ വീട്ടിലേക്ക് ലോറികയറുന്ന വഴി തന്നെ വേണമെന്ന് അമ്മ എന്നും നിർബന്ധം പിടിച്ചു.

അച്ഛൻ ഒരു സാധാരണ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്നു. നല്ല കമ്മ്യൂണിസ്റ്റുകാരനും ആയിരുന്നു. അക്കാലത്തെ മിക്കവാറും കമ്മ്യൂണിസ്റ്റുകളേയും പോലെ വലിയ ജന്മികുടുംബത്തിൽനിന്ന് ചെറുപ്രായത്തിൽ തന്നെ കമ്മ്യൂണിസ്റ്റായിപ്പോയ ഒരാൾ. കമ്മ്യൂണിസമല്ലാതെ ഉപജീവത്തിന് മറ്റൊന്നും പഠിച്ചെടുക്കാൻ കഴിയാതിരുന്നയാൾ. ഇളം പ്രായത്തിൽത്തന്നെ ഒളിവിലായി, കേസിൽപ്പെട്ടു, ജയിലിൽ വർഷങ്ങളോളം കഴിഞ്ഞു.... പിന്നീട് വളരെ വർഷങ്ങൾ കഴിഞ്ഞാണ് വിവാഹം കഴിക്കുന്നതും വീടു വയ്ക്കുന്നതും. വീടുവയ്ക്കാൻ സ്ഥലം നോക്കുമ്പോൾ അച്ഛന് നഗരലക്ഷണങ്ങൾ വിഷയമേ ആയിരുന്നില്ല. ഹരിപ്പാട്ടെ വയൽക്കരയിലെ സ്ഥലം അമ്മയ്ക്കിഷ്ടപ്പെടുകയില്ലെന്ന് അച്ഛന് അറിയാമായിരുന്നു. അതുകൊണ്ടാവണം അന്ന് പത്തു വയസ്സുമാത്രമുണ്ടായിരുന്ന എന്നെ അച്ഛൻ ആ സ്ഥലം കാണിക്കാനായി കൊണ്ടുപോയത്. ചെറിയ കുട്ടിയായ എന്റെ പോലും പിന്തുണ അന്ന് അച്ഛന് പ്രധാനമായിത്തീർന്നു!

നാൽപതു സെന്റ് തെങ്ങിൻപുരയിടം റോഡിൽ നിന്ന് പത്തിരുന്നൂറു വാര വരമ്പുത്തൂടെയാണ് വഴി. അയലെല്ലാം പാവപ്പെട്ട തൊഴിലാളിവീടുകൾ. ഇരുവശത്തും പരന്ന നെൽപ്പാടങ്ങൾ.

എനിക്ക് വയൽക്കരയിലെ ആ സ്ഥലം വളരെ ഇഷ്ടപ്പെട്ടു.

ആ സ്ഥലത്താണ് എന്റെ ശേഷിച്ച ബാല്യവും കൗമാരവും യൗവനത്തിന്റെ ആരംഭവും കഴിഞ്ഞത്. പാടവും അതിന്റെ ചര്യകളുമാണ് ഞങ്ങളുടെ നിത്യജീവിതത്തിന്റെ വിശദാംശങ്ങളെ നിർണ്ണയിച്ചത്.

പച്ചയായും മഞ്ഞയായും വെടിച്ച മണ്ണായും വെള്ളമായും പാടത്ത് വർഷങ്ങൾ വന്നുപോകുന്നത് കണ്ടു കണ്ട് ജീവിതം മുന്നോട്ടു നീങ്ങി....

ആ പ്രദേശത്തെ പാടങ്ങളെല്ലാം, അറിയാത്തിടങ്ങളിൽ പരന്നു പരന്നു കിടക്കുന്ന പാടങ്ങളെല്ലാം ഞാൻ നടന്നു നടന്നു കണ്ടിട്ടുണ്ട്. നെല്ലു വിളയുന്ന കാലത്ത് സ്കൂളിൽ നിന്നും വരുന്ന വഴി ബസ്സിൽ കയറാതെ നടന്ന് പാടങ്ങളിൽ കൂടിയുള്ള പുതിയ വഴികൾ കണ്ടു പിടിച്ചു. പാലുറച്ചുവരുന്ന കതിരുകൾ പൊട്ടിച്ചു തിന്നു. വരമ്പത്തെ ഓരോ പൂവിനെയും പച്ചയേയും പഠിച്ചു.

ചിലപ്പോഴൊക്കെ വഴി തെറ്റിയപ്പോൾ ചെമ്മൺപാതകൾക്കരികിലെ പെട്ടിക്കടക്കാർ വഴിപറഞ്ഞു തന്നു. ചിലപ്പോൾ പാടത്തിനക്കരെയുള്ള റേഷൻ കടയിൽ ഗോതമ്പോ പഞ്ചസാരയോ വാങ്ങാൻ പോകുമ്പോൾ അതിന്നുമപ്പുറത്തുള്ള ഒന്നോ രണ്ടോ പാടങ്ങളിൽക്കൂടി ഓടി നടന്നിട്ടു വന്നു.

ഓണക്കാലത്ത് പൂപറിക്കാൻ പോകുമ്പോഴായിരുന്നു സ്വതന്ത്രമായി പാടങ്ങൾ നടന്നറിഞ്ഞിരുന്ന മറ്റൊരവസരം. വെള്ളം നിറഞ്ഞു കിടന്ന ഹരിപ്പാട്ടെയും കരുവാറ്റയിലേയും പാടങ്ങളിൽ നിന്ന് ആമ്പലുകളും അപൂർവ്വമായി താമരയും ഞങ്ങൾക്ക് കിട്ടി. ഇറുത്തെടുക്കുമ്പോഴെ വാടിപ്പോകുന്ന ചില വെള്ളപ്പൂവുകൾ വാടുകയില്ലെന്ന പ്രതീക്ഷയിൽ ഞങ്ങൾ കുട്ടികൾ വീണ്ടും വീണ്ടും ഇറുത്തെടുത്തു കൊണ്ടുപോന്നു.

ഒരിക്കൽ സർക്കാരിന്റെ ആളുകൾ ചങ്ങലകളുമായി വന്ന് ഞങ്ങളുടെ പറമ്പിന്റെ പാടത്തോടു ചേർന്ന തെക്കുപടിഞ്ഞാറേ മൂല ത്രികോണാകൃതിയിൽ അളന്നുമാറ്റി. ഒരു ഞാറമരവും ഒരു പറങ്കിമാവും ഞങ്ങളിൽനിന്നു വേർപ്പെടുത്തപ്പെട്ട് ആ തുണ്ടു മണ്ണിൽ നിന്നു. ഒരു സെന്റോ മറ്റോ മാത്രം വരുന്ന ആ മൂലയെ പറമ്പിൽനിന്ന് വേർപ്പെടുത്തിക്കൊണ്ട് വരാൻ പോകുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലിനു വേണ്ടിയായിരുന്നു അത്. പാടം മുറിച്ചുവന്ന ആ കനാലിന് ഞങ്ങളുടെ പറമ്പിന്റെ ആ കൊച്ചുമൂല മുറിക്കാതെ പോകാമായിരുന്നു എന്ന് എല്ലാവർക്കും തോന്നി. കനാലിന്റെ കരിങ്കൽക്കെട്ടു കഴിഞ്ഞപ്പോഴേക്കും ഞങ്ങൾ അതിന് ഒരു പുതിയ ഉപയോഗം കണ്ടുപിടിച്ചു. കെട്ടിന്റെ ഇരുവശത്തുമായി സുഖമായി കുത്തിയിരുന്ന് അതിനെ ഒഴുകുന്ന വെള്ളമുള്ള ഒരു കക്കൂസാക്കാമെന്ന് ഞങ്ങൾ കുട്ടികൾ ആഗ്രഹിച്ചു. പക്ഷെ ആ കനാലിലൂടെ ഒരിക്കലും വെള്ളം ഒഴുകിയതേയില്ല.

വീട്ടിൽ പശുക്കളുണ്ടായിരുന്നു. പശുവിന് ഏറ്റവുമിഷ്ടം അപ്പോൾ പറിച്ചെടുത്തു കഴുകിവാരിയ കറുകപ്പുല്ലാണ്. പാടത്തിന്റെ വരമ്പു

കളിലും ഇടവഴിയുടെ വശങ്ങളിലും തഴച്ചു പടർന്നിരുന്ന പുല്ലു പറിച്ച് കൊട്ടകളിൽ കൊണ്ടുവന്ന് അടുക്കളയ്ക്കു പിന്നിലെ തെങ്ങിൻ ചുവട്ടിൽ കുടഞ്ഞിട്ടാൽ അമ്മ ചെറിയ സമ്മാനങ്ങൾ തരും. നാലണത്തുട്ടുകളോ പ്രത്യേകമായ പലഹാരങ്ങളോ എന്തെങ്കിലും. പാടത്ത് പുല്ലു പറിക്കാൻ പോകാൻ എനിക്കിഷ്ടമായിരുന്നു. പച്ചമണ്ണിൽ നിന്നും പുല്ല് വേരുപറിഞ്ഞു വരുമ്പോഴുള്ള മണമാണ് എനിക്കേറ്റവും പ്രിയപ്പെട്ട മണം.

കൊയ്ത്തു കഴിഞ്ഞ പാടത്ത് നല്ല വെയിലത്ത് ശേഷിക്കുന്ന കച്ചിക്കുറ്റികൾ ഉണങ്ങി നിൽക്കും. ഉണങ്ങുന്ന ചെളി കടലാസിൽ വരച്ച മരച്ചില്ലകളുടെ പടം പോലെ ചെറുതായി വെടിച്ചു വരും. ചെളിക്കു മീതെ ഉയർന്നു നിൽക്കുന്ന കച്ചികുറ്റികൾ അരിഞ്ഞെടുത്ത് വള്ളിക്കുട്ടകളിൽ നിറയ്ക്കണം. അതും പശുക്കൾക്കുള്ളതാണ്. തുറുവിലെ നല്ല വയ്ക്കോൽ പെട്ടെന്നു തീർന്നുപോകാതെ കൂടുതൽ കാലത്തേക്ക് സൂക്ഷിക്കാനുള്ള വിദ്യ. എഴുന്നു നിൽക്കുന്ന കച്ചിക്കുറ്റികൾക്കിടയിൽ നെന്മണികൾ ചിതറിക്കിടക്കുന്നുണ്ടാവും. അതു കൊത്തിപ്പെറുക്കുന്ന കിളികൾ എമ്പാടും തുള്ളിപ്പാറും....

രണ്ടു നെൽക്കാലങ്ങൾക്കിടയിലെ ഇടവേളകളിൽ ചിലപ്പോൾ എള്ള് കൃഷി ചെയ്തു. ചിലപ്പോൾ പയറോ പച്ചക്കറികളോ നട്ടു വിളയിച്ചു. പൂത്തുമറിഞ്ഞ എള്ളിൻപാടത്തിന്റെ ഭംഗി കണ്ണാൽ കണ്ടു തന്നെ അറിയണം. പാടത്തെ പന്തലുകളിൽ അറ്റത്ത് കല്ലു കെട്ടിയിട്ട പടവലങ്ങകൾ നോക്കിനിൽക്കെ നീണ്ടു വളർന്നു വന്നു. കടലാസു ചുറ്റിയ പാവയ്ക്കയും നിലത്തു പടർന്നു കായ്ച്ച സ്വർണ്ണവെള്ളരിയും പയർവള്ളികളും വന്നു. പരന്ന പാടങ്ങളിലെ ഇടക്കണ്ടങ്ങളിൽ തെറിച്ചുവീണതുപോലെ കിടക്കുന്ന ചീരത്തടങ്ങൾ ഇപ്പോഴും ആലപ്പുഴയ്ക്കുള്ള റോഡിന്റെ വശങ്ങളിൽ അവശേഷിക്കുന്ന ചില പാടങ്ങളിൽ കാണാം. ഓടുന്ന ബസ്സിലിരുന്ന് നോക്കുമ്പോൾ അവ ചോര തുടിക്കുന്ന ഹൃദയങ്ങൾ പോലെ തോന്നിക്കും. കേരളത്തിലെ, പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂറിലെ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിന്റെ ഉത്ഭവവും വളർച്ചയും ഇന്നത്തെ അവസ്ഥയും അവിടുത്ത നെൽപ്പാടങ്ങളുടെ ജീവിതവുമായി ചേർത്തുവച്ചു കാണാവുന്നതാണ്.

അച്ഛൻ മരിച്ച് മൂന്നാലു വർഷങ്ങൾ കൂടി ഞങ്ങൾ ആ വീട്ടിൽ താമസിച്ചു. പിന്നീട് അതു വിറ്റ് തിരുവനന്തപുരത്തേക്ക് പോന്നു. വീട് വിൽപ്പനയ്ക്ക് രജിസ്ട്രാർ ആപ്പീസിൽ നിൽക്കുമ്പോൾ ഒന്നും തോന്നിയില്ല. നാടും വീടുംവിട്ടു പോരുന്നതിന്റെ വേദനപോലും. പക്ഷെ അന്നു രാത്രിയിൽ പനിച്ചു. രണ്ടാഴ്ച അങ്ങനെ പനിച്ചുകിടന്നു.... പിന്നെ എഴുന്നേറ്റ് ജോലിക്ക് പോയിത്തുടങ്ങി. പുറമേ എല്ലാം സാധാരപോലെ തന്നെ തോന്നിച്ചു.... അവയവം മുറിച്ചുമാറ്റപ്പെട്ട് ആശുപത്രിയിൽ നിന്നും മുറിവ് പൊറുത്ത് വന്നവളെപ്പോലെ.

പിന്നീട് പലതവണ ഹരിപ്പാട്ടു കൂടി കടന്നുപോയിട്ടും ഒരിക്കൽപോലും പഴയ വീടോ അതിനെ ചുറ്റിനിന്ന പാടമോ കാണാൻ പോയില്ല.

തിരുവനന്തപുരത്ത് വീടുണ്ടാക്കാൻ സ്ഥലം നോക്കി നടന്നപ്പോൾ ഒരിയ്ക്കൽ ഒരു പാടത്തിന്റെ കരയിൽ എത്തി. ഒരറ്റത്തു നിന്നും കഷണങ്ങളായി നികത്തി കെട്ടിടങ്ങൾ ഉയർന്നുകൊണ്ടിരുന്ന ഒരു പാടം. ആഗ്രഹത്തിനെതിരായി അവസാനിപ്പിക്കേണ്ടിവന്ന ഒരു ഹൃദയ ബന്ധത്തിന്റെ ഓർമ്മകൾ അപ്രതീക്ഷമായി നേരിടേണ്ടി വന്നവളെപ്പോലെ ഞാൻ പാഞ്ഞു. ഒരിക്കൽ ഏറ്റവും പ്രിയപ്പെട്ടതായിരുന്ന ആ ഭൂഭാഗത്തിന്റെ ലാഞ്ഛനപോലുമില്ലാത്ത കുത്തനെയുള്ള ഒരു കുന്നിൻചെരുവിൽ ചെന്നു നിന്നു. വീട് വച്ചത് ആ കുന്നിൻ ചെരുവിലാണ്....

ഹരിപ്പാട്ടെ പാടത്തിന്റെ കരയിൽ നിന്ന്, ലോറികയറുന്ന ടാർ റോഡുള്ള തിരുവനന്തപുരത്തെ കുന്നിൻ ചെരിവിലെത്താൻ എനിക്ക് ഇരുപത്തിയഞ്ചു കൊല്ലമെടുത്തു.

പാടങ്ങൾ തോറും മുളച്ച് ഇടവഴികളിൽ കനംവച്ച്, ടാർ റോഡുകൾ കടന്ന് നീങ്ങിയ ചെങ്കൊടിയേന്തിയ ജാഥകൾ പട്ടണങ്ങളിലെ കവലകളിൽ എത്തി പിരിഞ്ഞുപോയി. പട്ടണങ്ങളായി മാറിയ ഇടങ്ങളിലെ ഒരേപോലെയുള്ള മുറികളിലേക്ക് ഓരോരുത്തരും നട്ടുവച്ചതു പോലെ പോയി ഉറച്ചു. അതിന് ആറു പതിറ്റാണ്ടിലേറെ കാലമെടുത്തു....


**ആൾട്ടർ മീഡിയ**

**ഓർഗാനിക് ബസാർ-2007**

**ഏപ്രിൽ 19,20,21 തീയതികളിൽ (വ്യാഴം,വെള്ളി,ശനി)**
തൃശ്ശൂർ
സാഹിത്യ അക്കാദമിഹാളിൽ-
**കാർഷികോൽപ്പന്നങ്ങളുടെ പ്രദർശനവും വില്പനയും**

**മാങ്ങോത്സവം**

നാടൻ മാങ്ങകളുടെയും ഉല്പന്നങ്ങളുടെയും പ്രദർശനവും വില്പനയും

**കൂടാതെ പുസ്തകങ്ങൾ, മുള ഉല്പന്നങ്ങൾ, മരക്കളിപ്പാട്ടങ്ങൾ, പ്രകൃതി ചായങ്ങളിലുള്ള തുണിത്തരങ്ങൾ, ടെറാകോട്ട, ജൂട്ട്, ചിരട്ട ഉല്പന്നങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.**

**ആൾട്ടർ മീഡിയ**
ബ്രഹ്മസ്വം മഠം
ബിൽഡിംഗ്,
എം.ജി.റോഡ്, തൃശ്ശൂർ-1
ഫോൺ: 0487-2422974